നം:ICDS.B6 - 23293/16

സാമൂഹ്യ നീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 3.6.2017.

സാമൂഹ്യനീതി ഡയറക്ടർ

ന്യൂനപക്ഷ ഭാഷാ പ്രശ്നങ്ങൾ നിലനിൽക്കുന്ന ജില്ലകളിലെ
ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും,
പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ഐ.സി.ഡിഎസ്. - ന്യൂനപക്ഷ ഭാഷയിൽ പരിശീലനവും, നിർദ്ദേശങ്ങളും കലണ്ടറുകളും -അനുവദിക്കുന്നത് -സംബന്ധിച്ച്.

സൂചന :- കാസർഗോഡ് ജില്ലാസാമൂഹ്യനീതി ഓഫീസറുടെ 17.8.2016 ലെ ഡിഎസ് ജെഒ/കെഎസ്ഡി/ബി-1819/16

മേൽ സൂചന പ്രകാരം മഞ്ചേശ്വരം താലൂക്കിലെ അങ്കണവാടി വർക്കർമാർക്ക് കന്നട ഭാഷയിൽ പരിശീലനം നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ അവർക്ക് നൽകുന്ന നിർദ്ദേശങ്ങളും, കലണ്ടറുകളും കന്നട ഭാഷയിൽ അച്ചടിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത ആവശ്യങ്ങൾ വിശദമായി പരിശോധിച്ചതിൽ കാസർഗോഡ് ജില്ലയിൽ മാത്രമല്ല, മറ്റ് ന്യൂനപക്ഷ ഭാഷാപ്രദേശങ്ങളെയും ബാധിച്ചിരിക്കുന്ന ഒരു പ്രശ്നമാണ് ഇതെന്ന് വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ ന്യൂനപക്ഷ ഭാഷാ പ്രശ്നങ്ങൾ നിലനിൽക്കുന്ന ജില്ലകളിലെ ജില്ലാസാമൂഹ്യനീതി ഓഫീസർ, പ്രോഗ്രാം ഓഫീസർ എന്നിവർ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ന്യൂനപക്ഷ ഭാഷാ പ്രശ്നങ്ങൾ നിലനിൽക്കുന്ന അങ്കണവാടികളിൽ അങ്കണ വാടി കണ്ടിജൻസ് ഫണ്ട് ഉപയോഗിച്ച് ദ്വിഭാഷാ രജിസ്റ്ററുകൾ അച്ചടിക്കുന്നതിന് സിഡിപിഒ മാർക്ക് നിർദ്ദേശം നൽകേണ്ടതാണ്. പ്രസ്തുത രജിസ്റ്ററുകളിൽ മലയാളത്തിലുള്ള രേഖപ്പെടുത്തലുകൾക്കൊപ്പം തമിഴ്/കന്നട ഭാഷകളിലെ രേഖപ്പെടുത്തലുകളും ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ന്യൂനപക്ഷ ഭാഷാ യിൽ അങ്കണവാടി ജീവനക്കാർക്ക് പരിശീലനം നൽകുന്നത് സംബന്ധിച്ച്



PDF processed with CutePDF evaluation edition www.CutePDF.com

ജില്ലയിലെ  പരിശീലനകേന്ദ്രവുമായി ചർച്ച നടത്തുവാൻ പ്രോഗ്രാം ഓഫീസറെ ചുമതലപ്പെടുത്തുന്നു.

അങ്കണവാടി ജീവനക്കാർക്കുള്ള  എല്ലാ നിർദ്ദേശങ്ങളും സിഡിപിഒ തലത്തിൽ ബന്ധപ്പെട്ട ന്യൂനപക്ഷ ഭാഷയിൽ ജീവനക്കാർക്ക് വിശദീകരിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Aleyamma Varghese

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി.

TSS/June 6, 2017